## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:4225** **21.07.2015- ൽ മറുപടിയ്ക്ക്**

## അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർമാരുടെ നിയമനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഇ.കെ.വിജയൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാന കൃഷി വകുപ്പിൽ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർമാരുടെ ആകെ തസ്തികകളുടെ എണ്ണം എത്രയാണ്; പ്രസ്തുത തസ്തികകളിൽ എല്ലാം ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (എ) | സംസ്ഥാന കൃഷി വകുപ്പിൽ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർമാരുടെ 47 തസ്തികകളുണ്ട്. എല്ലാ തസ്തികകളിലും ജീവനക്കാരെ നിയമിച്ചിട്ടില്ല. സ്ഥാനക്കയറ്റം നൽകുന്നതിനുള്ള സെലക്റ്റ് ലിസ്റ്റ് നിലവിലില്ലാത്തതാണ് ഇതിനു കാരണം. |
| ബി) പ്രസ്തുത ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ; എങ്കിൽ അവസാനമായി ലിസ്റ്റ് തയ്യാറാക്കിയത് എന്നാണെന്ന് അറിയിക്കുമോ; പ്രസ്തുത ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | 1.4.2012 തീയതി അടിസ്ഥാനമാക്കി 29.09.2012-ൽ അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർമാരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. ടി ലിസ്റ്റിന്റെ പകർപ്പ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |
| സി) എ.എഫ്.ഒ. തസ്തികയിൽ ജോലി നോക്കുന്ന ജീവനക്കാരിൽ 20% പേർക്ക് ഹയർഗ്രേഡ് നൽകുന്ന നടപടി | (സി) | ഉണ്ട്. കൃഷി ഡയറക്ടറുടെ 7.6.2013-ലെ എസ്.ഇ (2) 21109/2013 നമ്പർ ഉത്തരവ് പ്രകാരം 9 പേർക്ക് ഹയർഗ്രേഡ് |

ഇപ്പോഴും നിലവിലുണ്ടോ; വിശദാംശം അറിയിക്കുമോ; ഈ വിഭാഗം ജീവനക്കാർക്ക് അർഹമായ ആനുകൂല്യം ലഭ്യമാക്കുന്നതിൽ കുറ്റകരമായ വീഴ്ച വരുത്തുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം എന്താണെന്നും എന്നത്തേക്ക് ഹയർ ഗ്രേഡ് നൽകുന്ന നടപടി പൂർത്തീകരിച്ച് ഉത്തരവ് നൽകുവാൻ കഴിയുമെന്നും അറിയിക്കുമോ;

നൽകുകയുണ്ടായി. പ്രസ്തുത ഉത്തരവ് പ്രകാരം ഹയർഗ്രേഡ് ലഭിച്ചവർ റിട്ടയർ ചെയ്തിട്ടുണ്ട്. അർഹരായവർക്ക് ഹയർഗ്രേഡ് അടിയന്തരമായി അനുവദിക്കണമെന്ന നിർദ്ദേശം കൃഷി ഡയറക്ടർക്ക് നൽകുന്നതാണ്.

ഡി) പ്രസ്തുത വിഭാഗം ജീവനക്കാർക്ക് അവസാനമായി ഹയർഗ്രേഡ് നൽകി ഉത്തരവ് ഇറക്കിയത് എന്നാണ്; പ്രസ്തുത നടപടിയുടെ പകർപ്പ് ലഭ്യമാക്കുമോ?

(ഡി) 7.6.2013-ൽ. ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്